## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2179 — 22.01.2014 ൽ മറുപടിയ്ക്ക്

### പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന്റെ ആവശ്യ പ്രകാരം സംസ്ഥാന സർക്കാർ അറിയിച്ച അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ കേന്ദ്ര സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയാമോ; എങ്കിൽ വിശദമാക്കുമോ? | അറിയാം.<br>(1)ഗാഡ്ഗിൽ റിപ്പോർട്ടിന്മേൽ സംസ്ഥാന സർക്കാർ സമർപ്പിച്ച എതിരഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ടി റിപ്പോർട്ടിലെ ശുപാർശകൾ പുന:പരിശോധിക്കുന്നതിനായി ശ്രീ.കസ്തൂരിരംഗൻ അദ്ധ്യക്ഷനായി ഉന്നതതല പ്രവർത്തക സമിതിയെ നിയോഗിച്ചു.<br>(2) 19.10.2013, 13.11.2013, 16.11.2013, 20.12.2013 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരമാണ് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള കേന്ദ്ര സർക്കാർ തീരുമാനങ്ങൾ അറിയിച്ചിരിക്കുന്നത്.<br>(3) 20.12.2013 ൽ, മുമ്പ് പുറപ്പെടുവിച്ച രണ്ട് ഉത്തരവുകൾ (19.10.2013, 16.11.2013) പിൻവലിക്കുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.<br>(i) സർക്കാരുകൾക്കും മറ്റു ബന്ധപ്പെട്ടവർക്കും അഭിപ്രായം നൽകാനുള്ള അവസരം<br>(ii) കസ്തൂരിരംഗൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ 123 പരിസ്ഥിതിലോല വില്ലേജുകളിൽ സ്ഥലപരിശോധന നടത്തി സംരക്ഷിക്കപ്പെടേണ്ട പരിസ്ഥിതിലോല പ്രദേശങ്ങളെ കൃത്യമായി നിർണ്ണയിക്കുന്നതിനുള്ള അവസരം<br>(iii) കേന്ദ്ര സർക്കാർ തീരുമാനങ്ങൾ ഈ പ്രദേശങ്ങളിലെ സാധാരണ ജനജീവിതത്തെ ബാധിക്കുകയില്ല എന്നുള്ള കാര്യം.<br>(iv) പ്ലാന്റേഷൻ, കൃഷി, മറ്റു നടപടികൾ എന്നിവ നിർബാധം തുടരാവുന്നതാണ്. പ്രത്യേകമായി നിയന്ത്രണം ഏർപ്പെടുത്തിയ കാര്യങ്ങൾ മാത്രമേ നിയന്ത്രിക്കപ്പെടുകയുള്ളൂ. |

സെക്ഷൻ ഓഫീസർ